പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2498 — 12/02/2020 - ൽ മറുപടിക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി
ശ്രീ.ഒ. ആർ. കേളു
ശ്രീ. ബി.സത്യൻ
ശ്രീ.കെ.വി.വിജയദാസ്

**മറുപടി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിച്ച് വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പുനർജ്ജനി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | എ) | നടപ്പിലാക്കി തുടങ്ങിയിട്ടില്ല. |
| ബി) | പ്രസ്തുത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓഹരി മൂലധനസഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഉണ്ട്. |
| സി) | എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനായി സംഘങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നത് എന്ന് വെളിപ്പെടുത്താമോ; | സി) | 1. എസ്.സി.എസ്.റ്റി വിഭാഗത്തിൽ ഉൾപ്പെട്ട യുവജനങ്ങൾക്ക് തൊഴലധിഷ്ഠിത പരിശീലനം നൽകുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് ഓഹരിമൂലധനമായി 1,50,000/- രൂപയും സബ്സിഡിയായി 3,50,000/- രൂപയും ഉൾപ്പെടെ ആകെ 5 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | അനുവദിച്ചു വരുന്നു.<br>2. എസ്.സി.എസ്.റ്റി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് റെഡിമെയ്ഡ് ഗാർമന്റ്സ് യൂണിറ്റ്, ടെയിലറിംഗ് യൂണിറ്റ്, പേപ്പർ കപ്പ് &പേപ്പർ ക്യാരിബാഗ് യൂണിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, നോട്ട് ബുക്ക് ബൈൻഡിംഗ് യൂണിറ്റ്, സോപ്പ് & ലോഷൻ നിർമ്മാണ യൂണിറ്റ് എന്നീ തൊഴിലധിഷ്ഠിത മേഖലകളിൽ പരിശീലനം നൽകുന്നതിനായി പരമാവധി 5 ലക്ഷം രൂപ (സബ്സിഡി) പ്രവർത്തനമൂലധന ഗ്രാന്റ് ഇനത്തിലും, ഓഹരി ഇനത്തിൽ 5 ലക്ഷം രൂപയും, സബ്സിഡി ഇനത്തിൽ 15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ പുനരുദ്ധാരണ പദ്ധതി പ്രകാരവും അനുവദിച്ചു വരുന്നു. ഇതിനു പുറമെ സർക്കാർ ഓഹരി മൂലധനമായി 4 ലക്ഷം രൂപയും അനുവദിച്ചു വരുന്നു. |
| ഡി) | ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൂടുതൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ? | ഡി) | ലാഭത്തിൽ പ്രവർത്തിച്ചു വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിനും സംഘം പ്രവർത്തനം വിപുലീകരിക്കുന്നതിനും ഓഹരിമൂലധനമായി 20 ലക്ഷം രൂപയും സബ്സിഡിയായി 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 50 ലക്ഷം രൂപയുടെ പദ്ധതികൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ